# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 779 — 12.12.2012 - ൽ മറുപടിക്ക്

### ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ. സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ വിപണിയിൽ തുടരുന്നതായ പരാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ. സംസ്ഥാനത്ത് ഗുണനിലവാരമില്ലാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ വിപണിയിൽ വിറ്റഴിക്കുന്നതിനെ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി കാലാവധി കഴിഞ്ഞ മരുന്നുകളുടെ വില്പന നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | ബി കാലാവധി കഴിഞ്ഞ മരുന്നുകളുടെ വില്പന നടക്കുന്നതായ പരാതിയുടെ അടിസ്ഥാനത്തിൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ പരാതിയിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങൾ പരിശോധിക്കുകയും നിയമ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. |
| സി ഡ്രഗ്സ് കൺട്രോൾ വകുപ്പ് മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ മരുന്നുകൾ വിപണിയിൽ ഇറങ്ങുന്നതിനുമുമ്പ് ഗുണനിലവാര പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | സി തീവ്രമായ ഗുണനിലവാര പരിശോധന ഉറപ്പാക്കിയശേഷമാണ് ഉല്പാദകർ മരുന്നുകൾ വിപണിയിലെത്തിക്കുന്നത്. എന്നിരുന്നാലും കേരളത്തിൽ വിറ്റഴിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധനയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള കടകൾ (ചില്ലറ വ്യാപാരികൾ മൊത്ത വ്യാപാരികൾ), ആശുപത്രികൾ (സർക്കാർ പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും മരുന്നു സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് പരിശോധനയ്ക്കായി സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വില്പന തടഞ്ഞ് കമ്പനിയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഒരു വർഷം ഏകദേശം [illegible] മരുന്നു സാമ്പിളുകൾ പരിശോധന നടത്തുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പുകൾ കണ്ടെത്തിയിട്ടുള്ള ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ വിശദാംശങ്ങൾ ഈ വകുപ്പിനെ അറിയിക്കാറുണ്ട്. ഇത്തരം മരുന്നുകൾ കേരള വിപണിയിൽ ലഭ്യമല്ലെന്ന് ഉറപ്പു വരുത്തുന്നുണ്ട്. |

സെക്ഷൻ ആഫീസർ.

## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 780** — **12.12.2012-ൽ മറുപടിക്ക്**

## മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷ
## തെറ്റായ ഉത്തര സൂചിക സംബന്ധിച്ച അന്വേഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഇത്തവണത്തെ മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയിൽ തെറ്റായ ഉത്തര സൂചികയുള്ള 26 ചോദ്യങ്ങൾ ഉൾപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) ഇതുസംബന്ധിച്ച് ലഭിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച കേസിൽ സർക്കാർ സത്യവാങ്മൂലം നൽകാതെ ഒത്തുകളിക്കുന്നതായ പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (ബി) ഇതുസംബന്ധിച്ച കേസിൽ സമയബന്ധിതമായി സത്യവാങ്മൂലം നൽകിയിട്ടുണ്ട്. |

(P.T.O)

| | |
|---|---|
| (സി) വിദഗ്ദ്ധ സമിതി എത്ര ചോദ്യങ്ങളാണ് തെറ്റാണെന്ന് തിരിച്ചറിഞ്ഞത് ; ഇതുസംബന്ധിച്ച് എന്തു നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ ; | (സി) & (ഡി) ഇത്തവണ മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയുടെ ഉത്തര സൂചികയിൽ 22 ചോദ്യങ്ങളുടെ ഉത്തരങ്ങൾ തെറ്റായാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതെന്ന് ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം വിദഗ്ദ്ധരെക്കൊണ്ട് പരിശോധിപ്പിച്ചതിൽ നിന്നും 6 ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തെറ്റാണെന്നും ബാക്കിയുള്ളവയെല്ലാം ശരിയാണെന്നും കണ്ടെത്തുകയും ഉണ്ടായി. ഈ 6 ചോദ്യങ്ങളുടെ ഉത്തരങ്ങൾ വിദഗ്ദ്ധ പാനൽ വീണ്ടും പരിശോധിക്കുകയും പ്രസ്തുത ചോദ്യങ്ങളിൽ രണ്ട് എണ്ണത്തിന്റെ ഉത്തരങ്ങൾ മാത്രമേ തെറ്റായി ഉള്ളുവെന്ന് കണ്ടെത്തുകയും ചെയ്തു. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് മുമ്പാകെ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കേസ് ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ഡി) ഈ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ? | |

സെക്ഷൻ ഓഫീസർ